ശ്വാസകോശരോഗങ്ങൾക്കുള്ള പ്രത്യേക സെന്റർ

131 (848) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശ്വാസകോശ രോഗങ്ങളുടെ ചികിത്സയ്ക്ക് മാത്രമായി തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു വിദഗ്ദ്ധ സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

ആംബുലൻസിന്റെ വാടക കുറയ്ക്കുന്നതിന് നടപടി

132 (849) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ എല്ലായിടത്തും ആംബുലൻസിന്റെ വാടക ഒരേ നിരക്കിലാണോ നിശ്ചയിച്ചിട്ടുള്ളത് ;

(ബി) ഏതെങ്കിലും മെഡിക്കൽ കോളേജുകളിൽ ഈ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഗവൺമെന്റുവക ആംബുലൻസിന് വാടക കൂട്ടി നിശ്ചയിച്ചതുകാരണം സ്വകാര്യ ആംബുലൻസുകളും നിരക്ക് വർദ്ധിപ്പിച്ചത് രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) 10-2-2003-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)49/2003/ആകുവ. നമ്പർ ഉത്തരവ് പ്രകാരമാണ് സർക്കാർ ആംബുലൻസുകളുടെ വാടക അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഏതെങ്കിലും മെഡിക്കൽ കോളേജിന് മാത്രമായി ആംബുലൻസ് വാടക പുതുക്കി നിശ്ചയിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly